# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാക്കുട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-ഇ കെ എം(പി9) 1809/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാക്കുട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-ഇ കെ എം(പി9) 1809/2021 തീയ്യതി: 06/06/2022

## എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 17-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ. എ. ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2021 | 30-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-11-2021 | 30-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ
റസിയ ബീവി, ഓഡിറ്റ് ഓഫീസർ
ശ്രീജ ഉണ്ണികൃഷ്ണൻ, അസി.ഓഡിറ്റ് ഓഫീസർ
മേഴ്സി കെ. പി., സീനി.ഗ്രേഡ് ഓഡിറ്റർ
മുഹമ്മദ് ഷാഫി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അമ്മിണി ജോർജ് | പ്രസിഡന്റ് | 01-04-2020 | 29-12-2020 |
| ശ്രീ തോമസ് തടത്തിൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ അന്ത്രു എം എം | സെക്രട്ടറി | 01-04-2020 | 02-03-2021 |
| ശ്രീമതി ജെമിനി ഇ സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജെമിനി ഇ സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ സുനിൽ പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. സാജേഷ് മാത്യു | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 24-02-2021 |
| ഡോ. ഷാജി പുള്ളോർമഠം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 25-02-2021 | 31-03-2021 |
| ഡോ. ആഷാമോൾ | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ. സിന്ധു ബാലൻ | വെറ്ററിനറി സർജൻ | 01-04-2020 | 25-09-2020 |
| ഡോ രമ്യ പി രവീന്ദ്രൻ | വെറ്ററിനറി സർജൻ | 26-09-2020 | 31-03-2021 |
| ശ്രീ മാക്സ്വെൽ കെ സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 08-02-2021 |
| ശ്രീമതി എമി പൗലോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 09-02-2021 | 15-02-2021 |
| ശ്രീ രതീഷ് രവീന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 15-02-2021 | 31-03-2021 |
| ശ്രീമതി കൃഷ്ണശോഭ കെ ജി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 09-11-2020 |
| ശ്രീമതി നിഷ എം കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10-11-2020 | 31-03-2021 |
| ശ്രീമതി മാഗി എൽ | ഹെഡ് മാസ്റ്റർ, ജി യു പി എസ് ഓണക്കൂർ | 01-04-2020 | 31-03-2021 |
| ശ്രീ പ്രിയരഞ്ജൻ ആർ | വി ഇ ഒ പാമ്പാക്കട | 01-04-2020 | 31-03-2021 |
| ശ്രീ മോഹൻദാസ് കെ സി | വി ഇ ഒ അഞ്ചൽപ്പെട്ടി | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദുമോൾ റ്റി | വി ഇ ഒ ഓണക്കൂർ | 01-04-2020 | 31-03-2021 |
| ഡോ. റുവാൻ സാം വി | മെഡിക്കൽ ഓഫീസർ, | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | (ഹോമിയോ) | | |
| ശ്രീ ജെയിംസ് ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Saly Joseph (Audit Officer (HG), On 28-11-2021)<br>Last Updated By: Sheheer (Senior Grade Auditor, On 16-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Saly Joseph (Audit Officer (HG), On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 30-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Saly Joseph (Audit Officer (HG), On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 28-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Saly Joseph (Audit Officer (HG), On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 28-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Saly Joseph (Audit Officer (HG), On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 28-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Saly Joseph (Audit Officer (HG), On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 28-04-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Saly Joseph (Audit Officer (HG), On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 28-04-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Saly Joseph (Audit Officer (HG), On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 28-04-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: Saly Joseph (Audit Officer (HG), On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 28-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 28-04-2022) | 1-10 |
| 11 | ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ടു<br>Written By: Muhammed Shafi V M (Auditor, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 28-04-2022) | 1-11 |
| 12 | തൊഴിൽ നികുതി<br>Written By: Mercy KP (Auditor, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-12 |
| 13 | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവഴിക്കപ്പെട്ട തുകകളിൽ ചിലത് വി. ഇ. ഒ. യുടെ ട്രഷറി അക്കൗണ്ടിൽ നിലനിൽക്കുന്നു<br>Written By: Mercy KP (Auditor, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-13 |
| 14 | വെള്ളക്കര കുടിശ്ശിക - പഞ്ചായത്തിൽ നിന്നും അടയ്ക്കുന്ന തുകകൾ KWA ക്രഡിറ്റ് ചെയ്യാതെ കുടിശ്ശിക ബിൽ നല്കുന്നു<br>Written By: Saly Joseph (Audit Officer (HG), On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-14 |
| 15 | വിനിയോഗവിവരം ലഭ്യമാക്കിയില്ല<br>Written By: Saly Joseph (Audit Officer (HG), On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-15 |
| 16 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-16 |

| | | |
|---|---|---|
| | Written By: Muhammed Shafi V M (Auditor, On 29-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | |
| 17 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ - കെൽട്രോണിന് നല്കിയ അധിക തുക തിരികെ ഈടാക്കിയിട്ടില്ല<br>Written By: Ressiya Beevi J (Audit Officer, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-17 |
| 18 | ലൈഫ് ഭവന പദ്ധതി, ജോയിൻറ് വെഞ്ചർ പ്രോജക്ട് തുകകൾ<br>Written By: Mercy KP (Auditor, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 30-04-2022) | 1-18 |
| 19 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Ressiya Beevi J (Audit Officer, On 30-11-2021)<br>Last Updated By: Sheheer (Senior Grade Auditor, On 16-05-2022) | 1-19 |
| 20 | ഓഡിറ്റ് ഇംപാക്ട് - തൊഴിൽനികുതി<br>Written By: Saly Joseph (Audit Officer (HG), On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-20 |
| 21 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Saly Joseph (Audit Officer (HG), On 01-12-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-21 |
| 22 | സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ : ANERTൽ നിന്നും 1,14,771/- രൂപ തിരികെ ലഭ്യമാക്കണം.<br>Written By: Saly Joseph (Audit Officer (HG), On 01-12-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-22 |
| 23 | അനുപൂരക പോഷകാഹാരം-എസ്.സി.പി.ഫണ്ട് വിനിയോഗം - അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 01-12-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-23 |
| 24 | ഐ.സി.ഡി.എസ്. - കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവഴിക്കാത്തത്<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 01-12-2021)<br>Last Updated By: Raj N.C (Computer Assistant, On 30-04-2022) | 1-24 |
| 25 | വയോജനങ്ങൾക്ക് സഹായ ഉപകരണം<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 01-12-2021)<br>Last Updated By: Raj N.C (Computer Assistant, On 30-04-2022) | 1-25 |
| 26 | എസ്.എസ്.എ. വിഹിതം (ജനറൽ)- ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-26 |
| 27 | എസ്.എസ്.എ. വിഹിതം (എസ്.സി.)-ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 1-27 |
| 28 | ലൈഫ് ഭവന പദ്ധതി - സ്ഥലം വാങ്ങൽ<br>Written By: Mercy KP (Auditor, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 30-04-2022) | 1-28 |
| 29 | മരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല<br>Written By: Ressiya Beevi J (Audit Officer, On 30-11-2021)<br>Last Updated By: Sheheer (Senior Grade Auditor, On 16-05-2022) | 1-29 |
| 30 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Ressiya Beevi J (Audit Officer, On 30-11-2021)<br>Last Updated By: Raj N.C (Computer Assistant, On 30-04-2022) | 1-30 |
| 31 | സാമൂഹ്യസുരക്ഷാ പെൻഷൻ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 01-12-2021)<br>Last Updated By: Raj N.C (Computer Assistant, On 30-04-2022) | 1-31 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 30-04-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 30-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 30-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 30-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 30-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 30-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 30-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 30-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Raj N.C (Computer Assistant, On 10-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Saly Joseph (Audit Officer (HG), On 27-11-2021)<br>Last Updated By: Sheheer (Senior Grade Auditor, On 16-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20.02.2020ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 05.02.2021ലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ള ആകെ വരവ് 15,22,91,500/- രൂപയും ചെലവ് 14,50,34,000/- രൂപയും നീക്കിയിരിപ്പ് 88,83,210/- രൂപയുമാണ്. ബജറ്റ് പ്രകാരമുള്ള കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യ പത്രികയിലെയും വരവ്-ചെലവ് കണക്കുകളുടെ താരതമ്യ പഠനം ചുവടെ ചേർക്കുന്നു :-

| | വരവ് | ചെലവ് |
|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരം | 16,66,89,852 | 16,56,31,383 |
| വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം | 13,13,79,067 | 12,09,31,211 |
| വ്യത്യാസം | (-)3,53,10,785 | (-)4,47,00,172 |

ബജറ്റ് കാര്യക്ഷമമായി യാഥാർത്ഥ്യത്തോട് യോജിക്കുന്ന രീതിയിൽ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.7.2021 | 18.05.2021 |

വാർഷിക ധനകാര്യപത്രിക അപാകതകൾ

1) കോവിഡ് ഡെഫേർഡ് സാലറി അക്കൌണ്ട്

31.3. 2021 ൽ കോവിഡ് ഡെഫേർഡ് സാലറി അക്കൌണ്ട് (-)90832/- രൂപയുടെ നീക്കിയിരിപ്പാണ് ഉള്ളത് . ഈ തുക ജനപ്രതിനിധികളുടെ ഹോണറേറിയം ഇനത്തിൽ അധികമായി പിൻവലിച്ച തുകയാണ് . ഇപ്രകാരം അധിക തുക പിൻവലിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) വാട്ടർ ചാർജ്ജ് കുടിശ്ശിക തുക വാർഷിക ധനകാര്യപത്രികയിൽ ലയബിലിറ്റിയായി വരവ് വച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 88,91,075 |
| വരവ് | 6,13,14,039 |
| ആകെ | 7,02,05,114 |
| ചെലവ് | 5,84,88,454 |
| നീക്കിയിരിപ്പ് | 1,17,16,660 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 8978493 | 8978493 | 8596919 | 381574 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4613373 | 4613373 | 4258844 | 354529 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 152000 | 152000 | 152000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6535000 | 6535000 | 6535000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3456681 | 3456681 | 3456681 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8755885 | 8755885 | 8184542 | 571343 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| ICDS | 1721080 | 507650 | 2228730 | 658192 | 1570538 |
| Other Central Government Grants-Solid Waste | 246088 | 0 | 246088 | 0 | 246088 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | 0 | |
| Pre-monsoon Campaign | 0 | 130000 | 130000 | 130000 | 0 |

| | | | | | |
|---|---|---|---|---|---|
| Grants From Suchitwa Mission | 338079 | 2345631 | 2683710 | 1517225 | 1166485 |
| ബി ഫണ്ട് | 0 | 41410100 | 41410100 | 41410100 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 8288400 | 8288400 | 7659415 | 628985 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 187 | 69108802 | 130 | 43977370 | 51 | 6 | 69.51% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 88 | 1310511 (OB Included) | 1310599 | 1308110.48 | 2489 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 131 | 30247787 | 30247787 | 30247787 | 0 |
| ആകെ | 88 | 31558298 | 31558386 | 31555897.48 | 2489 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2731300 | 189 |
| വിധവാപെൻഷൻ | 9431300 | 609 |
| വാർദ്ധക്യകാലപെൻഷൻ | 25034200 | 1535 |
| വികലാംഗപെൻഷൻ | 344900 | 227 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10270/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എങ്കിലും രജിസ്റ്ററുകളുടെ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമായിട്ടുണ്ട്. ഉദാഹരണത്തിന്, വാട്ടർ ചാർജ്ജ് കുടിശ്ശിക രജിസ്റ്റർ ശരിയാംവിധം പരിപാലിക്കാത്തതിനാൽ വലിയ തുക കുടിശ്ശികയായി കണക്കാക്കിയിട്ടുള്ളതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.12.2019 | 01.11.2019 –30.11.2019 | ലഭ്യമാക്കിയില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിററ് | 11.06.2009 | 2004-05 – 2008-09 | 20.07.2009 |

## 1-11 ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ടു

ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽ സഞ്ചയയിലെ വസ്തുനികുതി കളക്ഷനിലും കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സാംഖ്യാ രസീത് നമ്പർ/തീയതി | കെട്ടിട നമ്പർ | സാംഖ്യ പ്രകാരം ക്യാൻസൽ ചെയ്ത രസീതിലെ തുക | സഞ്ചയയിൽ വസ്തുനികുതിയായി പോസ്റ്റ് ചെയ്യപ്പെട്ട തുക |
|---|---|---|---|---|
| 1 | 120110100184, 20-5-2020 | 12/159 | 410/- | 410/- |
| 2 | 120110103091, 8-2-2021 | 11/48 | 340/- | 333/- |
| 3 | 120110104146, 8-3-2021 | 12/287 | 40/- | 33/- |
| 4 | 120110104782, 16-3-2021 | 12/2 | 1113/- | 1106/- |
| 5 | 120110104783, 16-3-2021 | 12/146 | 353/- | 346/- |
| 6 | 121110100480, 12-7-2021 | 11/280 | 290/- | 290/- |

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.6/27.11.2021) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി

ഗ്രാമ പഞ്ചായത്തിൻെറ 2020-21ലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന കോൺട്രാക്ടർമാർ കരാർ പ്രകാരം ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയിരുന്നതായി കാണുന്നു. എഗ്രിമെന്റ് രജിസ്റ്ററിൽ കോൺട്രാക്ട് ഒപ്പിട്ട തീയതി മുതൽ ജോലി പൂർത്തീകരിച്ച തീയതിവരെ കണക്കാക്കുമ്പോൾ മേൽ കോൺട്രാക്ടർമാർ ഒരു അർദ്ധവർഷം 60 ദിവസത്തിലധികം ജോലി ചെയ്തിരുന്നു എന്ന് വ്യക്തമാണ്. കൂടാതെ ഒന്നിലധികം ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളവരും ഉണ്ട്.

| ക്രമ നം. | കോൺട്രാക്ടറുടെ പേര് |
|---|---|
| 1 | സൈബുരാജൻ എം.വി. |
| 2 | രാജു കെ.വി. |
| 3 | സജി റ്റി . ജേക്കബ് |
| 4 | ജോർജ്ജ് കെ. എം. |
| 5 | എം.സി. രാജൻ |
| 6 | സജി വർഗ്ഗീസ് |
| 7 | സാബു കെ.എ. |
| 8 | ജോജോ ലൂയിസ് |
| 9 | ബേസിൽ കെ. തോമസ് |

ഇവരിൽ നിന്നും ചട്ടപ്രകാരം നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 1 /20.11.2021 നൽകിയതിന് മറുപടിയായി , സൈബുരാജൻ എം വി., എം.സി. രാജൻ, ബേസിൽ കെ. തോമസ് എന്നിവർ തൊഴിൽ നികുതി അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഏത് അർദ്ധവർഷം എത്ര തുക എന്ന് വ്യക്തമാക്കിയിട്ടില്ല. ബാക്കിയുള്ളവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ അപാകതകൾ പൂർണ്ണമായി പരഹരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 സുലേഖ ചെലവ് പത്രിക പ്രകാരം ചെലവഴിക്കപ്പെട്ട തുകകളിൽ ചിലത് വി. ഇ. ഒ. യുടെ ട്രഷറി അക്കൗണ്ടിൽ നിലനിൽക്കുന്നു

താഴെ പറയുന്ന പ്രോജക്ടുകൾക്കായി 2020-21 ൽ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവഴിക്കപ്പെട്ട തുകകളിൽ ചിലത് സാമ്പത്തിക വർഷാവസാനവും ബന്ധപ്പെട്ട വി.ഇ.ഒ. യുടെ ട്രഷറി അക്കൗണ്ടിൽ നിലനിൽക്കുന്നു (1,18,400/-). 3,70,000/- രൂപ (31.03.21 തീയതി വച്ച് ഏപ്രിൽ മാസത്തിലാണ് ചെക്ക് വി.ഇ.ഒ.യ്ക്ക് നൽകിയത്) ടി തുകകൾ തുടർന്നുവരുന്ന സാമ്പത്തിക വർഷമാണ് വി.ഇ.ഒ. യുടെ ട്രഷറി അക്കൗണ്ടിൽ നിന്ന് ചെലവായിട്ടുള്ളത്. വിശദവിവരങ്ങൾ ചേർക്കുന്നു.

1. വി. ഇ. ഒ. ഓണക്കൂർ , ട്രഷറി അക്കൗണ്ട് നം. 799011400004294

| പ്രോജക്ട് നം. | അടങ്കൽ , ചെലവ്( സുലേഖ ചെലവ് പത്രിക പ്രകാരം) | 31.03.2021 ൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന തുക | ചെക്ക് നം. , തീയതി |
|---|---|---|---|
| 209/20-21 | 50,000/- , 31,142/- | 8400/- | 5144366/28.03.21 |
| 154/20-21 | 64,680/-, 44,600/- | 5000/-<br>5000/- | 5144365/28.03.21<br>5144359/25.03.21 |
| 223/20-21 | 25,92,275/-, 10,34,880/- | 100,000/- | 5144364/28.03.21 |
| | ആകെ | 1,18,400/- | |

| പ്രോജക്ട് നം. | അടങ്കൽ , ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) | 31.03.2021 ൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന തുക (31.03.21 തീയതി വെച്ച് | ചെക്ക് നം. , തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | | ഏപ്രിൽ മാസത്തിലാണ് ചെക്ക് വി.ഇ. ഒ. യ്ക്ക് നൽകിയത്) | |
| 223/20-21 | 25,92,275/- 10,34,880/- | 1,40,000 | 5144376/31.03.21 |
| | | 75,000 | 5144375/31.03.21 |
| | | 1,55,000 | 5144374/31.03.21 |
| | ആകെ | 3,70,000 | |

2. വി. ഇ. ഒ. അഞ്ചൽപ്പെട്ടി, ട്രഷറി അക്കൗണ്ട് നം. 799011400004160

| പ്രോജക്ട് നം. | അടങ്കൽ , ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) | 31.03.2021 ൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന തുക | ചെക്ക് നം. , തീയതി |
|---|---|---|---|
| 54/20-21 | 1,00,000/- 76,310/- | 9,150/- | 5144361/26.03.21 |

സാമ്പത്തിക വർഷാവസാനത്തിൽ അടുത്ത വർഷത്തെ തീയതി വെച്ച് ചെക്ക നൽകി ചെലവ് കാണിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-14 വെള്ളക്കര കുടിശ്ശിക - പഞ്ചായത്തിൽ നിന്നും അടയ്ക്കുന്ന തുകകൾ KWA ക്രഡിറ്റ് ചെയ്യാതെ കുടിശ്ശിക ബിൽ നല്കുന്നു

*3/2021 ൽ അടവാക്കാൻ ബാക്കിയുള്ള KWA ബിൽ പ്രകാരമുള്ള കുടിശ്ശിക തുക 4,13,96,190- രൂപയാണ്.*
*എന്നാൽ യഥാർത്ഥത്തിലുള്ള കുടിശ്ശിക തുക 5,59,004/- രൂപയും കാലാകാലങ്ങളിലുള്ള പലിശയും മാത്രമാണ്.*

പാമ്പാക്കുട ഗ്രാമ പഞ്ചായത്തിൽ നിന്നും പൊതുടാപ്പിന്റെ വെള്ളക്കര കുടിശ്ശിക ഇനത്തിൽ 3/2021 ൽ *4,13,96,190* /- രൂപയുടെ ബിൽ KWA നല്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും അടയ്ക്കുന്ന തുകകൾ KWA ക്രഡിറ്റ് ചെയ്യാതെയാണ് കുടിശ്ശിക ബിൽ നല്കുന്നത് എന്ന് രേഖകൾ പ്രകാരം വ്യക്തമാകുന്നുണ്ട്. പൊതുടാപ്പിന്റെ വെള്ളക്കര കുടിശ്ശിക രജിസ്റ്ററിൽ പഞ്ചായത്തിൽ നിന്നും അടയ്ക്കുന്ന തുകകളും Development Fund Source Deduction , മറ്റ് ഫണ്ടിൽ നിന്നുള്ള ഈടാക്കലുകൾ എന്നിവ ഉൾപ്പെടെ കൃത്യമാക്കി രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമായ രേഖകൾ പ്രകാരം, പഞ്ചായത്തിൽ നിന്നും അടയ്ക്കുന്ന തുകകളും Development Fund Source Deduction , മറ്റ് ഫണ്ടിൽ നിന്നുള്ള ഈടാക്കലുകൾ എന്നിവ ഉൾപ്പെടെ പൊതുടാപ്പിന്റെ വെള്ളക്കര കുടിശ്ശിക കണക്കാക്കിയാൽ 31.3.2021 ൽ അടവാക്കാൻ ബാക്കിയുള്ള തുക 559004/- രൂപയും കാലാകാലങ്ങളിലുള്ള പലിശയുമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് തുക | പഞ്ചായത്തിൽ നിന്നും അടയ്ക്കുന്ന തുക | അടവാക്കാൻ ബാക്കി |
|---|---|---|---|
| 2009-10 | | | 3,41,628 |
| 2009-10 | 1568004 | 8633888 + 11953 (Adj) | 1033791 |
| 2010-11 | 1588126 | 2001704 + 5578 (Adj) | 614635 |
| 2011-12 | 1602996 | 2323517 | (-)105886 |
| 2012-13 | 1602996 | 387250 | 1109860 |
| 2013-14 | 1602996 | 442417 | 2270439 |
| 2014-15 | 1601250 | 700000 | 3171689 |
| 2015-16 | 1921500 | 300000 | 4793189 |
| 2016-17 | 1921500 | 363000 | 6351689 |
| 2017-18 | 1120875 | 1120875 (വി.ഫ)+ 839199 (പൊതു ആവശ്യ ഗ്രാന്റ്) | 5512490 |
| 2018-19 | 1896125 | 1896125+ 2012180 (ഗ്രാന്റ്) | 3500310 |
| 2019-20 | 1113000 | 1113000+2941306 (ഗ്രാന്റ്) | 559004 |
| 2020-21 | 829068 | 829068 | 559004 |
| 3/2021 ൽ യഥാർത്ഥത്തിൽ അടവാക്കാൻ ബാക്കിയുള്ള തുക | | | 5,59,004/- |

3/2021 ൽ യഥാർത്ഥത്തിൽ അടവാക്കാൻ ബാക്കിയുള്ള തുക 5,59,004/-രൂപയും കാലാകാലങ്ങളിലുള്ള പലിശയുമാണ്. *ആയതിനാൽ,*

1) പഞ്ചായത്തിൽ നിന്നും അടയ്ക്കുന്ന തുകകളും Development Fund Source Deduction , മറ്റ് ഫണ്ടിൽ നിന്നുള്ള ഈടാക്കലുകൾ എന്നിവ KWA ക്രഡിറ്റ് ചെയ്യാതെ കുടിശ്ശിക ബിൽ നല്കുന്നതിനാൽ 3/2021 ൽ അടവാക്കാൻ ബാക്കിയുള്ള തുകയായി *4,13,96,190* /- നല്കിയിട്ടുള്ള ബിൽ തുക പുനപരിശോധിക്കേണ്ടതും യഥാർത്ഥത്തിൽ അടവാക്കാൻ ബാക്കിയുള്ള തുകയും അതിന്റെ പലിശയും മാത്രം പൊതുടാപ്പിന്റെ വെള്ളക്കര കുടിശ്ശിക ബാധ്യതയായി ബിൽ നല്കാൻ KWA യിൽ അറിയിക്കേണ്ടതുമാണ്.

2) 31.3.2012 ൽ അടവാക്കാൻ ബാക്കിയുള്ള തുക (-) 1,05,886/- രൂപയാണ്. എന്നാൽ 3*/2012 ൽ* അടവാക്കാനുള്ള

കുടിശ്ശിക തുകയായി KWA അറിയിച്ചത് 23,92,168- രൂപയായാണ് (വാട്ടർ അതോറിറ്റിയിൽ നിന്നുള്ള കത്ത് മുഖാന്തിരം). പഞ്ചായത്തിൽ നിന്നും അടച്ച തുക 23,23,517/- രൂ KWA ക്രഡിറ്റ് ചെയ്തില്ലെങ്കിൽ ഈ തുകയുടെ വിനിയോഗ വിവരം പഞ്ചായത്ത് അധികൃതർ വ്യക്തമാക്കേണ്ടതാണ്. അന്നു മുതലാണ് വൻകുടിശ്ശിക ബിൽ KWA പഞ്ചായത്തിന് നൽകിയിട്ടുള്ളത്.

3) 2019-2020 , 2020-21 വർഷവും കുടിവെള്ളക്കര കുടിശ്ശികയിനത്തിൽ സെക്രട്ടറി നടപ്പാക്കിയ 3 പ്രോജക്ടുകളിലായി 20,01,944/- രൂപ വാട്ടർ അതോറിറ്റിയിലേയ്ക്ക് നല്കിയിട്ടുണ്ട്. (G.O Projects) ഈ തുകയും KWA ക്രഡിറ്റ് ചെയ്തതിനു ശേഷമുള്ള തുകയല്ല കുടിശ്ശിക ബില്ലായി നല്കിയിട്ടുള്ളത്.

4) പൊതുടാപ്പിന്റെ വെള്ളക്കര കുടിശ്ശിക രജിസ്റ്ററിൽ പഞ്ചായത്തിൽ നിന്നും അടയ്ക്കുന്ന തുകകളും Development Fund Source Deduction , മറ്റ് ഫണ്ടിൽ നിന്നുള്ള ഈടാക്കലുകൾ എന്നിവ ഉൾപ്പെടെ കൃത്യമാക്കി രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5) പൊതുടാപ്പിന്റെ വെള്ളക്കര കുടിശ്ശിക കൃത്യമാക്കി രേഖപ്പെടുത്താതെ തെറ്റായ കണക്ക് സർക്കാരിലേയ്ക്ക് നല്കി , പൊതുടാപ്പിന്റെ വെള്ളക്കര കുടിശ്ശിക തുക പഞ്ചായത്ത് അധികൃതർ പെരുപ്പിച്ചുകാട്ടി സർക്കാർ ഫണ്ട് നേരിട്ട് വാട്ടർ അതോറിറ്റി കൈപ്പറ്റുന്നത് ഉത്തരവാദിയായ ഉദ്യോഗസ്ഥർ പുനഃപരിശോധന നടത്തേണ്ടതാണ്.

ഇത് സംബന്ധിച്ച് 02.11.2021ൽ 2ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ഇടപെടലുകൾ നടത്തുന്നതിനായി ശ്രദ്ധക്ഷണിക്കുന്നു.

## 1-15 വിനിയോഗവിവരം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ടിന്റെ പേര് : പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

പ്രോജക്ട് നം , വർഷം : 207/2020-2021

അടങ്കൽ തുക : 7,40,000/- (CFC). ,

ചെലവ് തുക : 7,40,000/- (CFC). ,

ബിൽ നം തുക : (1) 7,40,000/315/14.03.2021

2020-21 വർഷം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്ടിനായി 7,40,000/- രൂപ പ്രോജക്ട് നം 207/2020-2021 പ്രകാരം വാട്ടർ അതോറിറ്റിയിലേയ്ക്ക് അടവാക്കിയിട്ടുണ്ട് . തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. 7,40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ - ഹോമിയോ നടപ്പിലാക്കിയ പ്രോജക്ട് നം-34 (ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ) പദ്ധതി പ്രകാരം ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ/ 34 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ), പാമ്പാക്കുട |
| അടങ്കൽ തുക | 150000/-(മെയിന്റനൻസ് ഫണ്ട്,റോഡിതരം) |
| ചെലവഴിച്ച തുക | 150000/- |
| ബിൽ നം./തീയ്യതി | 146 , 7.10.2020 |
| മരുന്ന് ലഭിച്ച ഇൻവോയിസ് നം./തുക | LF 829, 43356/- |

മേൽ വിവരിച്ച പദ്ധതി പ്രകാരമുള്ള 150000/- രൂപ ഹോംകോക്ക് 12.10.2020 ന് നെഫ്റ്റ് ട്രാൻസ്ഫർ മുഖേന നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും 43356/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി 106644/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 / 23.11.2021), ഒരാഴ്ചക്കുള്ളിൽ മരുന്ന് ലഭ്യമാക്കുമെന്ന ഉറപ്പ് ഹോംകോയിൽ നിന്ന് ലഭിച്ചിട്ടുണ്ട് എന്ന മറുപടി ലഭിച്ചു. ബാക്കിയുള്ള മരുന്ന് ലഭിച്ചാൽ അവ സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്കായി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നതു വരെ 1,06,644/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ - കെൽട്രോണിന് നല്കിയ അധിക തുക തിരികെ ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം/ പേര് | S00 29/20-21/ ,എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ. |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി)- 92436/-. |

| | |
|---|---|
| ചെലവ് | 91580/-,ബിൽ നം.190/20-21/ 25-11-20, |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ടി പ്രോജക്ട് പ്രകാരം എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം നടത്തുന്നതിന് 4 പുതിയ ലാപ് ടോപ്പുകൾ വാങ്ങുന്നതിനായി 91580/- രൂപ (ഇൻവോയ്സ് പ്രകാരമുള്ളത് )കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ലാപ് ടോപ്പുകൾ കെൽട്രോൺ സപ്ലൈ ചെയ്യുന്ന വേളയിൽ നൽകിയ ബിൽ പ്രകാരം ( Bill No. 581268868680 Dtd. 13/6/21) 3 ലാപ് ടോപ്പുകൾ ആണ് നല്കിയിട്ടുള്ളത്. ഇതിന്റെ വില 82380/- രൂപയാണ്. കെൽട്രോണിന് അധികമായി 12956/-രൂപ നല്കിയിട്ടുണ്ട്. ഇതിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 4/24.11.21) ലഭ്യമാക്കിയ മറുപടിയിൽ 25-11-20 -ൽ ലഭിച്ച ഇൻവോയ്സ് കാലാവധി 30-11-20 ൽ അവസാനിച്ചതിനാൽ പ്രസ്തുത ഇൻവോയ്സ് പ്രകാരം വർക്ക് ഓർഡർ അയയ്ക്കാൻ സാധിച്ചില്ല. എന്നാൽ ലാപ് ടോപ്പിന്റെ വില വർദ്ധിച്ചതിനാൽ ഇവിടെ നിന്നും അയച്ച തുകയായ 91580/- രൂപയ്ക്ക് 4 ലാപ് ടോപ്പുകൾ നിലവിൽ ലഭിക്കുകയില്ല. ആയതിനാൽ 3 എണ്ണത്തിന്റെ വിലയായ 82380/- രൂപ കിഴിച്ച് ബാക്കി തുകയായ 9200/- രൂപ 21-22 വർഷത്തിലേക്ക് ലാപ് ടോപ് വാങ്ങുന്നതിന് വരവ് വെയ്ക്കുകയും ചെയ്യുന്നതിന് പഞ്ചായത്തിൽ നിന്നും കത്ത് നല്കിയിട്ടുണ്ടെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. കൃത്യസമയത്ത് വർക്ക് ഓർഡർ അയയ്ക്കാതിരുന്നത് കാരണമാണ് ലാപ് ടോപ്പിന്റെ വില വർദ്ധിക്കാനിടയായ സാഹചര്യമുണ്ടായത്. ഇത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ടി ഇനത്തിൽ കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ പക്കലുള്ള 9200/- രൂപ തിരികെ ഈടാക്കുകയോ 21-22 വർഷത്തിലേക്ക് ലാപ് ടോപ് വാങ്ങുന്നതിൽ വരവ് വെയ്ക്കുകയോ ചെയ്ത് ഓഡിറ്റിൽ രേഖകൾ ഹാജരാക്കുന്നത് വരെ 9200/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-18 ലൈഫ് ഭവന പദ്ധതി, ജോയിൻറ് വെഞ്ച്വർ പ്രോജക്ട് തുകകൾ

1. ജോയിൻറ് വെഞ്ച്വർ പ്രോജക്ടുകൾ സംബന്ധിച്ച 2020-21 ലെ സുലേഖ ചെലവ് പത്രികപ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 29,92,443/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2019-20 A.F.S. ലെ B4 ഷെഡ്യൂൾ പ്രകാരം (A/c Head 320700204) 14,53,285/- രൂപ ഈ ഇനത്തിൽ ബാലൻസ് അവശേഷിക്കുന്നു. 2020-21 RP 7 (A/c Head 160300102) പ്രകാരം 15,99,863/- രൂപ ഈ ഇനത്തിൽ വരവുണ്ട്. ആകെ 30,53,148/- എന്നാൽ 2020-21 A.F.S. ലെ B4 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ ബാലൻസ് ഇല്ല. 60,705/- രൂപയുടെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം. 13 തീയതി 29.11.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കൂടാതെ 2020-21ൽ വി.ഇ.ഒ. നിർവഹണം നടത്തിയ ലൈഫ് ഭവന പദ്ധതികൾക്കായുള്ള തുകകൾ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2. ലൈഫ് ഭവന പദ്ധതികൾക്കായുള്ള കെ.യു. ആർ. ഡി. എഫ്. സി. ലോൺ, സ്റ്റേറ്റ്ഷെയർ, ബ്ലോക്ക്ഷെയർ, ജില്ലാ പഞ്ചായത്ത് ഷെയർ എന്നിവ വി ഇ ഒ യ്ക്ക് ലഭിച്ചതിന്റെ വിശദാംശങ്ങൾ.

3. 2020- 21 വരെ പൂർത്തീകരിക്കാത്ത ഭവനനിർമ്മാണ പ്രോജക്ടുകളുടെ വിവരങ്ങൾ.
മേൽ വിശദാംശങ്ങൾ ശരിയാംവിധം രേഖപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

## 1-19 തൊഴിലുറപ്പ് പദ്ധതി അവലോകനം

2020-21 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 3136 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 4240 |
| ആക്ടീവായ ഗുണഭോക്താക്കൾ | 1310 |
| 2020-21ൽ നല്കിയ തൊഴിൽ ദിനങ്ങൾ | 79149 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 475 |
| 2020-21 വർഷത്തെ ആകെ ചെലവ് തുക | 315.5 ലക്ഷം |
| ആക്ഷൻ പ്ലാൻ അനുസരിച്ച് ആകെ രൂപീകരിച്ച വർക്കുകൾ | 651 |
| പൂർത്തിയാക്കിയ വർക്കുകൾ | 355 |

2020-21 ൽ നടത്തിയ പ്രധാനപദ്ധതികളുടെ മേഖല തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു:-

| തയ്യാറാക്കിയ പ്രവൃത്തികൾ | സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ | നടപ്പിലാക്കിയ പ്രവൃത്തികൾ |
|---|---|---|
| നീർത്തട പരിപാലന പ്രവൃത്തികൾ(കയ്യാല, മഴക്കുഴി, കാന) | 60 | 60 |
| തോട് പുനരുദ്ധാരണം | 9 | 9 |

| | | |
|---|---|---|
| കനാൽ പുനരുദ്ധാരണം | 2 | 2 |
| കോഴിക്കൂട് നിർമ്മാണം | 72 | 69 |
| ആട്ടിൻ കൂട് നിർമ്മാണം | 75 | 64 |
| തൊഴുത്ത് നിർമ്മാണം | 22 | 16 |
| കംമ്പോസ്റ്റ് പിറ്റ് നിർമ്മാണം | 48 | 46 |
| സോക്ക് പിറ്റ് നിർമ്മാണം | 26 | 23 |
| റോഡ് കോൺക്രീറ്റിങ്ങ് | 34 | 22 |
| കിണർ റീ ചാർജിങ്ങ് | 5 | 4 |
| കുളം നിർമ്മാണം | 4 | 4 |
| അസ്സോള ടാങ്ക് നിർമ്മാണം | 7 | 7 |
| മിനി എം.സി.എഫ് | 13 | 1 |
| ഭവന നിർമ്മാണം | 20 | 20 |
| പാട്ട കൃഷി | 2 | 2 |
| നഴ്സറി | 2 | 2 |
| തീറ്റപ്പുൽകൃഷി | 1 | 1 |
| സ്കൂൾ പരിസരത്തെ ഫലവൃക്ഷതൈകളുടെ നടീലും പരിപാലനവും | 3 | 3 |

## 1-20 ഓഡിറ്റ് ഇംപാക്ട് - തൊഴിൽനികുതി

ഓഡിറ്റ് എൻക്വയറി നം. 1 നൽകിയതിനെ തുടർന്ന് , വിവിധ രസീതുകളിലായി 12,500/- രൂപ തൊഴിൽനികുതി ഇനത്തിൽ അടവാക്കിയിട്ടുണ്ട്.

## 1-21 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേര് : IKM ലേക്കുള്ള വിഹിതം

പ്രോജക്റ്റ് നം , വർഷം : SO 003/2020-21

അടങ്കൽ തുക : 52585/- വി .ഫ. ,

ചെലവ് തുക : 52585 വി .ഫ. (2020-21)

ബിൽ നം തുക : (1)52585 /141/30.9.2020

IKM ൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.

## 1-22 സോളാർ പവർ പ്രാന്റ് സ്ഥാപിക്കൽ : ANERTൽ നിന്നും 1,14,771/- രൂപ തിരികെ ലഭ്യമാക്കണം.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം. / വർഷം / പേര് | SO 008 / 2020-21 ,<br>ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ തുക | 7,00,000/- (വികസന ഫണ്ട്) |
| ചെലവ് തുക | 18,000/- (2019-20 വർഷത്തെ ചെലവ്)<br>6,42,000/- (2020-21 വർഷത്തെ ചെലവ്) |
| തുക (ബിൽ നം / തീയതി) | 18000/- (280 / 11.3.2020) |
| | 4,00,000/- (207 / 10.2.2021) |
| | 242,000/- (208 / 10.2.2021) |

പാമ്പാക്കുട ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം ആരംഭിച്ച പ്രൊജക്ടാണ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപളക്സിൽ സോളാർ ലൈറ്റ് സ്ഥാപിക്കുക എന്നത്. 10 KV ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായിരുന്നു ലക്ഷ്യമിട്ടത്. ഈ പദ്ധതി 2019-20 വർഷം ANERTൽ തുക നിക്ഷേപിച്ച്, നിക്ഷേപ പ്രവൃത്തിയായിട്ട് നടത്തുവാനായിരുന്നു ലക്ഷ്യമിട്ടതെങ്കിലും 2019-20 വർഷം 18,000/- രൂപ മാത്രമാണ് നൽകിയിത്. ബാക്കി 6,42,000/- രൂപ 2020-21 വർഷമാണ് നൽകിയത്. ഈ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ANERTൽ നിന്നും ലഭ്യമാക്കിയതിൽ 1,14,771/- രൂപ ANERTൽ ബാക്കിയുള്ളതായും പ്രവൃത്തി പൂർത്തീകരിച്ചതായും അറിയിച്ചു. എന്നാൽ ഈ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല. ഈ തുക പഞ്ചായത്ത് തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഇതുകൂടാതെ, ഈ പവർ പ്ലാന്റ് പ്രവർത്തനക്ഷമമാണോ എന്നും 10KV ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റ് ആയതിനാൽ KSEBയിൽ നിന്നും തുക ലഭ്യമാക്കിയിട്ടുണ്ടോ എന്നുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ/രേഖകൾ

പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ടി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് 30.11.2021ൽ 12ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ആയതിനാൽ ANERTൽ നിന്നും ലഭ്യമാക്കാനുള്ള തുക 1,14,771/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 അനുപൂരക പോഷകാഹാരം-എസ്.സി.പി.ഫണ്ട് വിനിയോഗം - അപാകതകൾ

2020-21 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി അങ്കണവാടി അനുപൂരക പോഷകാഹാരം (എസ്.സി.പി.) എന്ന പ്രൊജക്ട് (നം.20/20-21) പ്രകാരം എസ്.സി.പി. ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വകയിരുത്തി ചെലവഴിച്ചു. വിവിധ അങ്കണവാടികളിലേക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ സപ്ലൈകോ, അമൃതം ന്യൂട്രിമിക്സ് യൂണിറ്റ് എന്നീ സ്ഥാപനങ്ങൾക്കാണ് മേൽ തുക നൽകിയത്. 17 അങ്കണവാടികളാണ് പഞ്ചായത്ത് പരിധിയിൽ ഉള്ളത്. എസ്.സി.പി. ഫണ്ട് ഉപയോഗിക്കേണ്ടത് എസ്.സി. വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായാണ്. എന്നാൽ അങ്കണവാടികളിൽ ഉള്ള എസ്.സി. വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ എണ്ണം കാണിക്കുന്ന ലിസ്റ്റ് പ്രൊജക്ടിനൊപ്പം സൂക്ഷിക്കുന്നില്ല. എസ്.സി. വിഭാഗം കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായാണ് തുക ചെലവഴിക്കുന്നതെന്ന് പദ്ധതി രൂപീകരണഘട്ടത്തിൽ നിർവ്വഹണോദ്യോഗസ്ഥ ഉറപ്പ് വരുത്തുന്നില്ല. അനുപൂരക പോഷകാഹാരം (ജനറൽ) എന്ന പ്രൊജക്ട് പ്രകാരം തുക നൽകാൻ സാധിക്കാത്ത ബില്ലുകളുടെ പേയ്മെന്റ് ആണ് എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നത്. ഇത് ശരിയായ രീതിയല്ല. എസ്.സി.പി. ഫണ്ട് വിനിയോഗിക്കുന്ന പ്രൊജക്ടുകളിൽ ഗുണഭോക്താക്കൾ എസ്.സി. വിഭാഗക്കാർ മാത്രം ആണെന്നുള്ളത് ഉറപ്പ് വരുത്തേണ്ടതും കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതുമാണ്.

## 1-24 ഐ.സി.ഡി.എസ്. - കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവഴിക്കാത്തത്

2019-20 ലെ വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം അനുപൂരക പോഷകാഹാര പദ്ധതിക്കുള്ള സെൻട്രൽ ഷെയർ ഇനത്തിൽ 17,21,080/- രൂപ നീക്കിയിരിപ്പുണ്ട്. 2020-21 ലെ വാർഷിക ധനകാര്യപത്രിക ആർ.പി-31 ഷെഡ്യൂൾ പ്രകാരം 5,07,650/-രൂപ സെൻട്രൽ ഷെയർ ആയി സി.ഡി.പി.ഓ.യിൽ നിന്നും ലഭിച്ചു. ഷെഡ്യൂൾ I-6 പ്രകാരം 6,58,192 രൂപ ചെലവഴിക്കുകയും ബി-4 ഷെഡ്യൂൾ പ്രകാരം 15,70,538/- രൂപ അവശേഷിക്കുകയും ചെയ്തു. 2020-21 വർഷം 22,28,730/- രൂപ അനുപൂരക പോഷകാഹാര പദ്ധതിക്ക് ചെലവഴിക്കാൻ ലഭ്യമായിരിക്കെ 6,58,192/- രൂപ മാത്രമാണ് ചെലവഴിച്ചത്. എന്നാൽ എസ്.സി. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഒന്നും വ്യക്തമാക്കാതെ അനുപൂരക പോഷകാഹാരത്തിനായി എസ്.സി.പി. ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ ഭക്ഷ്യ ധാന്യങ്ങൾ വാങ്ങുന്നതിനായി ചെലവഴിക്കുകയും ചെയ്തു. എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് വിവാഹ ധനസഹായം പോലെ നിരവധി വ്യക്തിഗത സഹായ പ്രൊജക്ടുകൾ ചെയ്യാവുന്നതാണ്. ഓഡിറ്റ് വർഷം എസ്.സി. വിഭാഗക്കാർക്ക് വിവാഹ ധനസഹായം നൽകുന്നതിനുള്ള പ്രൊജക്ട് ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുമില്ല. അനുപൂരക പോഷകാഹാര പദ്ധതിക്കുള്ള ഭക്ഷ്യ ധാന്യങ്ങൾ വാങ്ങുന്നതിനായി ഈ ആവശ്യത്തിനു മാത്രമായി നീക്കി വെച്ചിട്ടുള്ള സെൻട്രൽ ഷെയർ ഉപയോഗിക്കുന്നതും എസ്.സി.പി. ഫണ്ട് എസ്.സി. വിഭാഗങ്ങൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി മാത്രമുള്ള പ്രൊജക്ട് നടപ്പിലാക്കുന്നതിനായി ചെലവഴിക്കുന്നതും കൂടുതൽ അഭികാമ്യം ആയിരിക്കും.

## 1-25 വയോജനങ്ങൾക്ക് സഹായ ഉപകരണം

വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകൽ (പ്രൊജക്ട് നമ്പർ 71/20-21) എന്ന പ്രൊജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 60 വയസ് കഴിഞ്ഞ ശാരീരിക അവശതയുള്ള വയോജനങ്ങൾക്കു വേണ്ടി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 93,100/- രൂപ ചെലവഴിച്ച് വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും വിവിധ സഹായോപകരണങ്ങൾ വാങ്ങി നൽകുകയും ചെയ്തു. ജി.ഒ.(എം.എസ്.) 22/2018/ത.സ്വ.ഭ.വ. തീയതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഭാഗം 7, ധനസഹായം, ഖണ്ഡിക 7.1.1 പ്രകാരം കുറഞ്ഞത് 40% എങ്കിലും ശാരീരിക വൈകല്യം ഉള്ളവർക്കു മാത്രമേ വിവിധ സഹായോപകരണങ്ങൾ സൗജന്യമായി വാങ്ങി നൽകാവൂ. ഖണ്ഡിക 7.1.3 വയോജന സൗഹൃദ പരിപാടി എന്നതിൽ വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നല്കാമെന്നു പരാമർശിക്കുന്നില്ല. സബ്സിഡി മാർഗരേഖയിൽ നിന്നും വ്യതിചലിച്ചു കൊണ്ട് ആവിഷ്കരിക്കുന്ന പ്രൊജക്ടുകൾ ജി.ഒ.(എം.എസ്)22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 3.8.4 പ്രകാരം നൂതന പ്രൊജക്ടുകളായി പ്രത്യേകം അംഗീകാരം വാങ്ങി നടപ്പിലാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 എസ്.എസ്.എ. വിഹിതം (ജനറൽ)- ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ എസ്.എസ്.എ. വിഹിതം (ജനറൽ) നൽകൽ എന്ന പ്രൊജക്ട് പ്രകാരം (പ്രൊജക്ട് നമ്പർ- 36/20-21 )പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 3,00,000/- രൂപ വകയിരുത്തി ടി തുക തന്നെ ബിൽ നമ്പർ 184/11.11.20 പ്രകാരം എസ്.എസ്.കെ. ജില്ലാ പ്രൊജക്ട് ഓഫീസറുടെ പേരിലുള്ള 0806101073400 നമ്പർ കാനറാ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി. തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊജക്ട് ഓഫീസറുടെ കത്തും (എൽ.എസ്.ജി. ഷെയർ 2020-21 പ്ലാൻ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ) പ്രൊജക്ട് ഓഫീസർ തുക കൈപ്പറ്റിയ രസീതും ഹാജരാക്കിയില്ല. തുക ചെലവഴിച്ച് 2020-21 വർഷം പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളുകളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന്

വിശദമാക്കുന്ന ധന വിനിയോഗ സാക്ഷ്യ പത്രവും ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ 11/20-21 /29.11.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി 3,00,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-27 എസ്.എസ്.എ. വിഹിതം (എസ്.സി.)-ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ എസ്.എസ്.എ. വിഹിതം (എസ്.സി.) എന്ന പ്രൊജക്റ്റ് പ്രകാരം (പ്രൊജക്റ്റ് നമ്പർ-37/20-21) എസ്.സി.പി. ഫണ്ടിൽ നിന്നും ബിൽ നമ്പർ 185/11.11.20 പ്രകാരം 150000/- രൂപ എസ്.എസ്.കെ .ജില്ലാ പ്രൊജക്റ്റ് ഓഫീസറുടെ പേരിലുള്ള 0806101073400 നമ്പർ ബാങ്ക് കാനറ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി.തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊജക്റ്റ് ഓഫീസറുടെ കത്തും (എൽ.എസ്.ജി.ഷെയർ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ളത്) പ്രൊജക്റ്റ് ഓഫീസർ തുക കൈപ്പറ്റി നൽകിയ രസീതും പരിശോധനയ്ക്കായി ഹാജരാക്കിയില്ല. 1,50,000/- രൂപ ചെലവഴിച്ച് 2020-21 വർഷം പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളുകളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുന്ന ധന വിനിയോഗ സാക്ഷ്യ പത്രവും എസ്.എസ്.എ യിൽ നിന്നും ലഭ്യമാക്കി ഹാജരാക്കിയില്ല.ഇതു സംബന്ധിച്ച് നൽകിയ 11/20-21/29.11.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല.മേൽ കാരണങ്ങളാൽ 150000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-28 ലൈഫ് ഭവന പദ്ധതി - സ്ഥലം വാങ്ങൽ

| | |
|---|---|
| പ്രോജക്ടിൻെറ പേര് | ലൈഫ് ഭവന പദ്ധതി ഭൂരഹിതഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങാൻ ധനസഹായം നൽകൽ(പൊതുവിഭാഗം) |
| പ്രോജക്റ്റ് നമ്പർ | 50/20-21 |
| അടങ്കൽ | 6,00,000/- |
| ചെലവ് | 2,00,000/- |
| ബിൽ നം./തീയതി | 20120352002600231669/05.06.20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ. ഒ . അഞ്ചൽപ്പെട്ടി. |

മേൽ പദ്ധതി പ്രകാരം തങ്കച്ചൻ , ഇടപ്പറമ്പിൽ (വാർഡ് നം. 2 ) എന്നയാൾക്ക് സ്ഥലംവാങ്ങാൻ ധനസഹായം നൽകിയിട്ടുണ്ട് . ഇദ്ദേഹം മാറാടി ഗ്രാമപഞ്ചായത്തിൽ വാങ്ങിയ 2 Are 15 Sq M. സർവേ നം. 244/5 B-6 സ്ഥലത്ത് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 13 / 29.11.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ 2020-21 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ ഫീസ് 1,08,300/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് വരവ് വയ്ക്കുന്ന ടെൻഡർ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുവാനുള്ള കഴിഞ്ഞ വർഷങ്ങളിലെ ഇ-ടെൻഡർ ഫീസ് തുകകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ആ തുകകൾ കൂടി കണക്കാക്കി അവയും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി ക്രമങ്ങൾ താഴെ പറയും പ്രകാരമാണ്.

പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 24മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം, വാർറൂം,ഹെൽപ്പ് ഡെസ്ക് എന്നിവ രൂപീകരിച്ചിരുന്നു. ആയതിന്റെ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നോ, വികസന ഫണ്ടിൽ നിന്നോ തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല.കിലയുടെ നേതൃത്വത്തിൽ യൂത്ത് വോളന്റിയർമാർക്ക് ഓൺലൈൻ പരിശീലനം നൽകിയിരുന്നു. ജാഗ്രതപോർട്ടലിൽ രജിസ്റ്റർ ചെയ്തിരുന്നവരെ വോളന്റിയർമാരായി നിയോഗിച്ചിരുന്നു. കൂടാതെ സന്നദ്ധപ്രവർത്തനത്തിന് തയ്യാറായവരെയും വോളന്റിയർമാരായി നിയോഗിച്ചിരുന്നു. അഞ്ചൽപ്പെട്ടി ബ്ലോക്ക് ക്യാന്റീനിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിരുന്നു. നിലവിൽ കുടുംബശ്രീ വഴിയുള്ള ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നുണ്ട്. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്ക് മാത്രമായി ഹെൽപ്പ് ഡസ്ക് രൂപീകരിച്ചിട്ടില്ല. കോവിഡ് ബാധിതരുടെയും ക്വാറന്റൈനിൽ കഴിയുന്നവരുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനും കോവിഡ് ബാധിതരെ ഹോസ്പിറ്റൽ /സി.എഫ്.എൽ.റ്റി.സി. എന്നിവിടങ്ങളിലേക്ക് മാറ്റുന്നതിനും ക്വാറന്റൈനിൽ കഴിയുന്നവർക്ക് അവശ്യവസ്തുക്കളും മരുന്നുകളും എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതിനുമായി പഞ്ചായത്ത് ഓഫീസിൽ ഹെൽപ്പ് ഡസ്ക് രൂപീകരിച്ചു. പഞ്ചായത്ത് ജീവനക്കാരെയാണ് ഹെൽപ്പ് ഡസ്കിലേക്ക് ചുമതലപ്പെടുത്തിയത്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി വാർഡ് തലത്തിൽ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ആരോഗ്യപ്രവർത്തകർ, ആശാ വർക്കർ, അങ്കണവാടി ടീച്ചർ, സന്നദ്ധപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വാർഡ് തല മോണിറ്ററിങ്ങ് സമിതിയും പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ വാർഡ് മെമ്പർമാർ, ഹെൽത്ത് ഇൻസ്പെക്ടർ, യൂത്ത് വോളന്റിയർമാർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്ത് തല

മോണിറ്ററിങ്ങ് കമ്മിറ്റിയും രൂപീകരിച്ചിരുന്നു. സമന്വയ ഇക്യുമെനിക്കൽ സ്റ്റഡി ആന്റ് ഡയലോഗ് സെന്ററിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തിപ്പിച്ചിരുന്നു. ആയതിലേക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങളും രോഗികൾക്ക് ആവശ്യമായ മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഒരുക്കിക്കൊടുത്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി പ്രോജക്റ്റ് രൂപികരിക്കുകയും തനതുഫണ്ടിൽ നിന്നും 1,44,577/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ കോവിഡ് രോഗപ്രതിരോധ പരിപാടിയും തീവ്രസാധ്യത രോഗികൾക്കുള്ള ചികിത്സയും എന്ന പ്രോജക്റ്റ് തയ്യാറാക്കി മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇതിനായി പ്ലാൻ ഫണ്ടിൽ നിന്നും 1,18,904/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും 50,000/- രൂപയും ഉൾപ്പെടെ ആകെ 1,68,904/- രൂപ ചെലവഴിച്ചിട്ടുണ്ട്. കോവിഡ് വ്യാപനം കുറഞ്ഞതിനാലും കോളേജ് ഹോസ്റ്റൽ ആരംഭിക്കേണ്ടി വന്നതിനാലും ഇവ വിട്ടുകൊടുത്തിട്ടുണ്ട്. നിലവിൽ സി.എഫ്.എൽ.റ്റി.സി. പ്രവർത്തിക്കുന്നില്ല. പൾസ് ഓക്സിമീറ്ററുകൾ വാങ്ങിയിട്ടില്ല. സംഭാവനയായി 20 പൾസ് ഓക്സിമീറ്ററുകൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ സി.എഫ്.എൽ.റ്റി.സി. സംഭാവന സാധനങ്ങളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്റർ പഞ്ചായത്ത്തലത്തിൽ സൂക്ഷിച്ചിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും കോവിഡ് സംഭാവന ഇനത്തിൽ ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി പാമ്പാക്കുട കേരള ബാങ്കിൽ 40183/1 നമ്പറായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. 15,800/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. തുക ചെലവഴിച്ചിട്ടില്ല. നിലവിൽ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓൺലൈൻ ആയി മീറ്റിങ്ങ് നടത്തുന്നില്ല, ഓഫ് ലൈൻ ആയാണ് മീറ്റിങ്ങ് നടത്തുന്നത്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നത്.

പാമ്പാക്കുട ഗ്രാമപഞ്ചായത്തിൽ നാളിതുവരെ 2538 കോവിഡ് പോസിറ്റീവ് രോഗികൾ ഉണ്ടായിട്ടുള്ളതും അതിൽ 16 പേർ കോവിഡ് രോഗം മൂലം മരണപ്പെടുകയും ചെയ്തിട്ടുണ്ട്. കോവിഡ് വ്യാപനം രൂക്ഷമായ 2021 മെയ്യ് മാസത്തിലെ കമ്മറ്റികളിൽ ഓൺലൈനായും, കൂടാതെ എല്ലാ പ്രതിമാസ കമ്മറ്റികളിലും കോവിഡ് പ്രത്യേക അജണ്ടയായി ചേർത്ത് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

### 1-31 സാമൂഹ്യസുരക്ഷാ പെൻഷൻ

മരണ റിപ്പോർട്ടുകളിലെ ആധാർ നമ്പർ ഉപയോഗിച്ച് വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം സംബന്ധിച്ച് സേവന പെൻഷൻ പോർട്ടൽ പരിശോധിച്ചതിൽ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താക്കളുടെ മരണശേഷം സേവന പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയാത്ത തുകകൾ സസ്പെൻസ് അക്കൗണ്ടിൽ വിവിധ ബാങ്കുകളിൽ നിലനിൽക്കുന്നു. ടി തുകകൾ കണ്ടെത്തി തിരികെ സോഷ്യൽ സെക്യൂരിറ്റി മിഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് അടവാക്കുന്നതിനായി ബാങ്കുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

2) ഗുണഭോക്താക്കളുടെ മരണശേഷം സസ്പെന്റ് ചെയ്യാതെ ആക്ടീവ് ആയി നിരവധി അക്കൗണ്ടുകൾ നിലവിലുണ്ട്. ഇങ്ങനെയുള്ള കേസുകളിൽ സേവന പോർട്ടലിൽ Deceased എന്ന കാണിച്ചിട്ടുണ്ടെങ്കിലും സ്റ്റാറ്റസ് ആക്ടീവ് ആയതിനാൽ പെൻഷൻ തുക ഡി.ബി.ടി സെല്ലിൽ നിന്നും നിലവിലും ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നുണ്ട്. ആക്ടീവ് സ്റ്റാറ്റസ് കാണിക്കുന്ന അക്കൗണ്ടുകൾ കണ്ടെത്തി സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുക തിരികെ സോഷ്യൽ സെക്യൂരിറ്റി മിഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

3) ഗുണഭോക്താക്കളുടെ മരണശേഷം അക്കൗണ്ട് സസ്പെന്റ് ചെയ്യാൻ വൈകുന്നതു മൂലം പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നില്ല എന്ന ഉറപ്പ് വരുത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ക്രെഡിറ്റ് ആയിട്ടുണ്ടെങ്കിൽ അവകാശികളിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കപ്പെടുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | കെ.എസ്.എ.ഇ.കെ.എം.(പി9) 1809/2021 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 120079 | 51/21- ലൈഫ് ഭവന പദ്ധതി | 120079 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 260000 | 51/21- ലൈഫ് ഭവന പദ്ധതി | 260000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1292580 | 194/21- ലൈഫ് ഭവന പദ്ധതി (എസ്.ഒ.) | 1292580 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 199200 | 23/21- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 199200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 250000 | 42/21- ലൈഫ് ഭവന പദ്ധതി (എസ്.സി.) | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | 42/21- ലൈഫ് ഭവന പദ്ധതി (എസ്.സി.) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 148000 | 43/21- ലൈഫ് ഭവന പദ്ധതി (എസ്.റ്റി.) | 148000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | 43/21- ലൈഫ് ഭവന പദ്ധതി (എസ്.റ്റി.) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 620000 | 195/21- ലൈഫ് ഭവന പദ്ധതി (സ്പിൽ ഓവർ) | 620000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 632584 | 133/21- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 632584 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 93600 | 133/21- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 93600 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 50000 | 166/21- കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 300007 | 48/21- നെൽകൃഷിക്ക് കൂലിച്ചെലവി സബ്സിഡി | 300007 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 563008 | 70/21- നെൽകൃഷിക്ക് കൂലിച്ചെലവി സബ്സിഡി (സ്പിൽ ഓവർ) | 563008 | 0 |
| | | | | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനെർട്ട് | പഞ്ചായത്ത് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ സോളാർ പവർ പ്ലാൻറ് സ്ഥാപിക്കൽ | പ്രോജക്ട് നം. 68<br>1. ബിൽ നം.207/10.2.2021<br>2. ബിൽ നം.208/10.2.2021 | 6,42,000/- | 6,42,000/- | ---- |
| KWA | Pipe Line Extension | പ്രോജക്ട് നം. 207 | 7,40,000/- | --- | 7,40,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തീയതി | തുക | ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ-ഹഡ്കോ | | | 1394118 | 380784 | | 1013334 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,13,14,039 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,84,88,454 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,73,200/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 7,40,000 | ശ്രീമതി ജെമിനി ഇ.സി., സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-16 | 106644 | ഡോ. റുവാൻ സാം. വി., മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-17 | 9,200 | ശ്രീമതി ജെമിനി ഇ.സി., അസി.സെക്രട്ടറി |
| 1-21 | 52585 | ശ്രീ അന്ത്രു എം.എം., സെക്രട്ടറി |
| 1-22 | 1,14,771 | ശ്രീ അന്ത്രു എം.എം., സെക്രട്ടറി |
| 1-26 | 3,00,000 | ശ്രീമതി മാഗി എൽ., ഹെഡ്മിസ്ട്രസ് |
| 1-27 | 1,50,000 | ശ്രീമതി മാഗി എൽ., ഹെഡ്മിസ്ട്രസ് |
| ആകെ | 14,73,200 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരംമേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗികമേൽവിലാസം | |
| ശ്രീ അന്ത്രു എം.എം., സെക്രട്ടറി | സെക്രട്ടറി, പാമ്പാക്കട ഗ്രാമപഞ്ചായത്ത് | മണലോടി പുത്തൻപുര<br>പുതുപ്പാടി (പി.ഒ.)<br>എറണാകുളം ജില്ല |
| ശ്രീമതി ജെമിനി ഇ.സി., സെക്രട്ടറി-ഇൻ-ചാർജ്ജ് | അസി.സെക്രട്ടറി, പാമ്പാക്കട ഗ്രാമപഞ്ചായത്ത് | പുറപ്പിലക്കാട്ട് ഹൌസ്, മാറിക (പി.ഒ.),<br>കൂത്താട്ടുകുളം, എറണാകുളം ജില്ല |
| ഡോ. റുവാൻ സാം. വി., മെഡിക്കൽ ഓഫീസർ(ഹോമിയോ) | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, പാമ്പാക്കട | പ്ലാറ്റിനം ഹൈറ്റ്സ്, ഫ്ലാറ്റ് നം.2സി<br>പാലച്ചുവട് വെണ്ണല റോഡ്<br>കാക്കനാട് – 682 031 |
| ശ്രീമതി മാഗി എൽ., ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്. ഓണക്കൂർ | പുത്തൻകുടിയിൽ ഹൌസ്<br>മുളക്കുളം നോർത്ത് (പി.ഒ.)<br>പിറവം – 686664 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 & 96-97 | എൽ.എഫ്.ഇ.(പി.1) 183/98/ 08.10.1998 | |
| 1997-98 (ചെലവ്) | എൽ.എഫ്.ഇ.(പി.2) 1158/01/ 12.1.2002 / 13.3.2002 | |
| 1998-99 | എൽ.എഫ്.ഇ.(പി.2) 712/03/ 25.08.1998 | |
| 1999-00 | എൽ.എഫ്.ഇ.(പി.2) 844/04/ 03.04.2004 | |
| 2003-04 | എൽ.എഫ്.ഇ.(പി.1) 1465/07/ | |
| 2004-05 | എൽ.എഫ്.ഇ.(പി.1) 50/09/ | |
| 2005-06 | എൽ.എഫ്.ഇ.(പി.9) 472/11/20.9.11 | |
| 2006-07 | എൽ.എഫ്.ഇ.(പി.9) 473/11/20.9.11 | |
| 2009-10 | എൽ.എഫ്.ഇ.(പി.9) 66/11/24.1.11 | |
| 2007-08, 08-09, 2010-11 | എൽ.എഫ്.ഇ.(പി.9) 1473/12/14.9.12 | |
| 2011-12 & 2012-13 | എൽ.എഫ്.ഇ.(പി.9) 14/2014/ 7.2.2014 | |
| 2013-14& 2014-15 | കെ.എസ്.എ.(പി.9)29/2016 | |
| 2015-16 | കെ.എസ്.എ.(പി.9) 2120/2016/15.12.2016 | |
| 2016-17 | കെ.എസ്.എ.(പി.9) 1666/2017/22.11.2017 | |
| 2017-18 | കെ.എസ്.എ.(പി.9) 2058/2018/3.12.2018 | |
| 2018-19 | കെ.എസ്.എ. ഇ.കെ.എം(പി.9)009/2019/1/1/2020 | |
| 2019-20 | കെ.എസ്.എ. ഇ.കെ.എം(പി.9) 1808/2021 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്